ഗവൺമെന്റിന്റെ സാമ്പത്തിക പരിമിതി കാരണം, ഇതിന് മുൻകാല പ്രാബല്യം നൽകിയിട്ടില്ല.

(ബി) നല്കിയിരുന്നു. എങ്കിലും നിലവിലുള്ള സാമ്പത്തിക പരിമിതി മൂലം ഇപ്പോഴത്തെ വർദ്ധനവിന് മുൻകാല പ്രാബല്യം നൽകുവാൻ നിർവ്വാഹമില്ല.

(സി) 1999-2000 വർഷത്തേയ്ക്ക് 7 ലക്ഷം രൂപയുടെ അധിക ചെലവ് വരും 1996-97 മുതൽ മുൻകാല പ്രാബല്യം നൽകണമെങ്കിൽ 21 ലക്ഷം രൂപ വേണ്ടിവരും.

സൈനിക സ്കൂൾ വാർഷികഫീസ് വർദ്ധിപ്പിച്ച നടപടി

141 (3018) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1996-97 അദ്ധ്യയന വർഷത്തിൽ സൈനിക സ്കൂൾ വാർഷിക ഫീസ് 11,000 രൂപയിൽ നിന്ന് 14,000 രൂപയായി വർദ്ധിപ്പിച്ചതിന് ആനുപാതികമായി സ്കോളർഷിപ്പ് തുക സർക്കാർ ഉയർത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന് മുൻകാല പ്രാബല്യം നൽകിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ മുൻകാല പ്രാബല്യം നൽകുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 25-2-2000-ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് (സാധാരണം) 786/2000 പൊ. വി. വ. പ്രകാരം 1999-2000 മുതൽ സ്കോളർഷിപ്പ് തുക ആനുപാതികമായി ഉയർത്തിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) നിലവിലുള്ള സാമ്പത്തിക പരിമിതിമൂലം, ഇതിന് മുൻകാല പ്രാബല്യം നൽകുന്ന കാര്യം പരിഗണിക്കുവാൻ നിർവ്വാഹമില്ല.

സൈനിക സ്കൂൾ കേഡറ്റുകൾക്ക് സ്കോളർഷിപ്പ് ലഭിക്കുന്നതിലേയ്ക്കായി വരുമാനപരിധി ഉയർത്തി നിശ്ചയിക്കാൻ നടപടി

142 (3019) ശ്രീ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൈനിക സ്കൂൾ കേഡറ്റുകൾക്ക് സ്കോളർഷിപ്പ് ലഭിക്കുന്നതിലേയ്ക്കായി രക്ഷകർത്താക്കളുടെ വരുമാന പരിധി അഞ്ചാം ശമ്പള കമ്മീഷൻ അനുസരിച്ച് ഉയർത്തി നിശ്ചയിക്കാൻ നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഇതനുസരിച്ച് ഉത്തരവ് താമസിക്കുന്നതുകൊണ്ട് സ്കോളർഷിപ്പ് ലഭിക്കാതെ വിദ്യാർത്ഥികളും രക്ഷകർത്താക്കളും വിഷമിക്കുന്നതിനാൽ ഇത് പരിഹരിക്കാൻ അടുത്ത അദ്ധ്യയന വർഷം തുടങ്ങുന്നതിന് മുൻപ്

LIBRARY ARCHIVES Kerala Legislative Assembly

രക്ഷിതാക്കളുടെ ഇൻകം സ്ലാബ് പുതുക്കി നിശ്ചയിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

നാഷണൽ ഹൈവേ ബൈപ്പാസുകൾക്ക് സമാന്തര റോഡ് നിർമ്മിക്കുന്നതിന് പദ്ധതി

143 (3020) ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. എൻ. ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നാഷണൽ ഹൈവേ ബൈപ്പാസുകൾക്ക് സമാന്തര റോഡ് നിർമ്മിക്കുന്നതിന് സർക്കാർ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം ബൈപ്പാസുകൾക്ക് സമാന്തര റോഡ് നിർമ്മിക്കുന്നതിന് വേണ്ടി പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിൽ ഏതെല്ലാം പദ്ധതികളുടെ പണി ആരംഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഡി) ബൈപ്പാസുകൾക്ക് സമാന്തര റോഡ് നിർമ്മിക്കുന്നതിന് വിശദമായ പ്രോജക്ട് തയ്യാറാക്കുമോ ;

(ഇ) ഇതിനുവേണ്ടി ലോകബാങ്കിന്റെ ധനസഹായം ആവശ്യപ്പെടുമോ ?

ഉത്തരം

(എ) നാഷണൽ ഹൈവേ ബൈപ്പാസുകൾക്ക് സമാന്തരമായി നഗരപ്രദേശത്ത് റോഡുകൾ നിർമ്മിക്കുന്നുണ്ട്.

(ബി) തിരുവനന്തപുരം-നെയ്യാറ്റിൻകര ബൈപാസിനും കൊച്ചി ബൈപാസിനും പാലക്കാട് ബൈപാസിനും ദേശീയപാത 47 എ ലിങ്ക് റോഡിനും സമാന്തരമായി റോഡുകൾ നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കി പണി നടത്തി വരുന്നു.

(സി) തിരുവനന്തപുരം-നെയ്യാറ്റിൻകര ബൈപാസിൽ ചാക്ക മുതൽ തിരുവല്ലം വരെ സമാന്തര റോഡ് നിർമ്മിച്ചിട്ടുണ്ട്. കൊച്ചി ബൈപാസിന്റെ നഗരപ്രദേശത്ത് സമാന്തരമായി റോഡ് പണിതിട്ടുണ്ട്. പാലക്കാട് ബൈപാസിൽ രണ്ട് ഘട്ടങ്ങളിലായി 0 മുതൽ 2005 വരെയും 2005 മുതൽ 3445 വരെയും സമാന്തര റോഡുകൾ നിർമ്മിച്ചിട്ടുണ്ട്.

(ഡി) ബൈപ്പാസുകൾക്ക് സമാന്തരമായി ഗതാഗത തിരക്കുള്ള സ്ഥലങ്ങളിൽ സമാന്തര റോഡുകൾ നിർമ്മിക്കുന്നതിന് വിശദമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കി അതുമതിയാകുന്ന മുറയ്ക്ക് പണികൾ നടത്തി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly